


*'ന്യൂനപക്ഷങ്ങളെ എങ്ങനെ ഉയര്‍ത്തിക്കൊണ്ടുവരാം' എന്ന പുസ്തകം അഖിലേന്ത്യാ അമീര്‍ പ്രകാശനം ചെയ്യുന്നു*

## വിഷന്‍ 2016 ദ്വിദിന ശില്‍പശാല

**സാമൂഹിക** സേവനത്തിനായി തയാറാക്കിയ 'വിഷന്‍ 2016' വിശദീകരിക്കുന്നതിനായി ദല്‍ഹിയിലെ ജമാഅത്ത് ആസ്ഥാനത്ത് ദ്വിദിന ശില്‍പശാല സംഘടിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അധ്യക്ഷന്മാരും ഉപാധ്യക്ഷന്മാരുമാണ് ശില്‍പശാലയില്‍ പങ്കെടുത്തത്. പാവങ്ങളെയും അധഃസ്ഥിത വിഭാഗങ്ങളെയും സഹായിക്കേണ്ടതിന്റെ ആവശ്യകത ഖുര്‍ആനിക സൂക്തങ്ങളുടെ പിന്‍ബലത്തോടെ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീര്‍ മൗലാനാ ജലാലുദ്ദീന്‍ അന്‍സ്വര്‍ ഉമരി തന്റെ ഉദ്ഘാടന പ്രസംഗത്തില്‍ ഊന്നിപ്പറഞ്ഞു. "അല്ലാഹുവില്‍ വിശ്വസിക്കുകയും അതോടൊപ്പം മനുഷ്യരെ സേവിക്കുകയും ചെയ്യുന്നവര്‍ക്കാണ് അല്ലാഹു സ്വര്‍ഗം വാഗ്ദാനം ചെയ്തിരിക്കുന്നത്. മനുഷ്യര്‍ക്ക് സേവനം ചെയ്യുകയാണ് 'വിഷന്‍ 2016' ന്റെ ലക്ഷ്യം" - അദ്ദേഹം പറഞ്ഞു.

ഈ പദ്ധതി സംഘടനയുടെ താഴേതലംവരെ വിശദമായി ചര്‍ച്ച ചെയ്യണമെന്ന് തുടര്‍ന്ന് പ്രസംഗിച്ച ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അസി. അമീര്‍ പ്രഫ. കെ.എ സിദ്ദീഖ് ഹസന്‍ സംസ്ഥാന അധ്യക്ഷന്മാരോട് നിര്‍ദേശിച്ചു. ഒരു ചതുര്‍വര്‍ഷ പദ്ധതിയുടെ അടിസ്ഥാനത്തില്‍ ഓരോ സംസ്ഥാനവും യുക്തമായ സേവന പരിപാടികള്‍ ആസൂത്രണം ചെയ്യുകയും വേണം.

പാറ്റ്നയില്‍ നിന്നെത്തിയ സാമൂഹിക പ്രവര്‍ത്തകന്‍ അര്‍ശദ് അജ്മല്‍ മൈക്രോ ഫൈനാന്‍സിനെക്കുറിച്ചും എച്ച്. അബ്ദുര്‍റഖീബ് ഇസ്‌ലാമിക് ബാങ്കിംഗിനെക്കുറിച്ചും ക്ലാസെടുത്തു. ജമാഅത്തെ ഇസ്‌ലാമി ദല്‍ഹി-ഹരിയാന അമീര്‍ ഡോ. മുഹമ്മദ് റഫ്അത്ത്, ഭരണഘടന നല്‍കുന്ന അവകാശങ്ങളെക്കുറിച്ച് സംസാരിച്ചു. ഖാലിദ് മുബശ്ശിര്‍ സഫര്‍ (ഹൈദരാബാദ്), സിജി ഡയറക്ടര്‍ അബ്ദുല്‍ ജലീല്‍, ഐ.ആര്‍.ഡബ്ലിയുവിനെ പ്രതിനിധീകരിച്ച് ഖാജാ ശിഹാബുദ്ദീന്‍(കേരളം) എന്നിവരും വിഷയമവതരിപ്പിച്ചു.

'ന്യൂനപക്ഷങ്ങളെ എങ്ങനെ ഉയര്‍ത്തിക്കൊണ്ടുവരാം' (A guide to uplift Minorities) എന്ന പുസ്തകം ക്യാമ്പില്‍വെച്ച് അഖിലേന്ത്യാ അമീര്‍ പ്രകാശനം ചെയ്തു. ■

## ബന്‍കൈറാന്‍ സെക്രട്ടറി ജനറല്‍

**മൊറോക്കോയിലെ** ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാര്‍ട്ടിയുടെ സെക്രട്ടറി ജനറലായി അബ്ദുല്‍ ഇലാഹ് ബന്‍കൈറാന്‍ തെരഞ്ഞെടുക്കപ്പെട്ടു. വാശിയേറിയ തെരഞ്ഞെടുപ്പില്‍, പ്രവചനങ്ങളെ അട്ടിമറിച്ചാണ് ബന്‍കൈറാന്‍ തെരഞ്ഞെടുക്കപ്പെട്ടത്. നിലവിലെ സെക്രട്ടറി ജനറല്‍ സഅ്ദുദ്ദീന്‍ ഉസ്മാനിക്ക് വീണ്ടുമൊരവസരം ലഭിക്കുമെന്നായിരുന്നു കരുതപ്പെട്ടിരുന്നത്.



*ബന്‍കൈറാന്‍*

അമ്പത്തിരണ്ടുകാരനായ ബന്‍കൈറാന് 56 ശതമാനം വോട്ടുലഭിച്ചു.

ബന്‍കൈറാന്‍ ചുമതലയേല്‍ക്കുന്നതോടെ സംഘടനയുടെ രാഷ്ട്രീയ ചുവടുവെപ്പുകള്‍ക്ക് ചടുലതയേറും എന്ന് നിരീക്ഷകര്‍ വിലയിരുത്തുന്നു. പത്തിലധികം വര്‍ഷമായി സംഘടനാ നേതൃത്വത്തില്‍ തുടരുന്നവരെ മാറ്റി യുവാക്കള്‍ക്ക് അവസരം നല്‍കണമെന്ന സംഘടനാ പ്രതിനിധികളുടെ മനോഭാവമാണ് തെരഞ്ഞെടുപ്പില്‍ പ്രതിഫലിച്ചത്. സംഘടനാ പ്രതിനിധികളില്‍ 15 ശതമാനം സ്ത്രീകളായിരുന്നു.

ഫിസിക്സ് അധ്യാപകനായിരുന്ന ബൻകൈറാൻ നിരവധി ഇസ്‌ലാമിക കൂട്ടായ്മകളിൽ പ്രവർത്തിച്ച ശേഷമാണ് ജസ്റ്റിസ് ആന്റ് ഡവലപ്മെന്റ് പാർട്ടിയുടെ നേതൃസ്ഥാനത്തേക്ക് ഉയർന്നത്. കഴിഞ്ഞ നാലുവർഷമായി സംഘടനയുടെ ദേശീയ കൗൺസിലിന്റെ അധ്യക്ഷനായിരുന്നു അദ്ദേഹം. സംഘടനയുടെ പാർലമെന്റ് തെരഞ്ഞെടുപ്പ് വിജയങ്ങളിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. സംഘടന ആദ്യമായി പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് 1997-ൽ ആണ്. ആ വർഷം ഏഴ് സീറ്റ് ലഭിച്ചു. 2002-ലെ തെരഞ്ഞെടുപ്പിൽ 325 അംഗ പാർലമെന്റിൽ 42 സീറ്റ്, 2007 സെപ്റ്റംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ നാലു സീറ്റിന്റെ മാത്രം വർധനയോടെ 46-ൽ എത്താനേ സംഘടനക്ക് കഴിഞ്ഞുള്ളൂ. പാർലമെന്റിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയാവുമെന്ന് പ്രവചിക്കപ്പെട്ടിരുന്ന സംഘടനക്ക് രണ്ടാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നതും നേതൃമാറ്റത്തിന് പ്രേരണയായിട്ടുണ്ട്. ■

## സംശയിക്കപ്പെടുന്നവർ ഒരു മില്യൻ!

**അമേരിക്ക** 'സംശയിക്കപ്പെടുന്നവരുടെ ലിസ്റ്റി'ൽ ഉൾപ്പെടുത്തിയവരുടെ എണ്ണം ഒരു മില്യൻ കവിഞ്ഞെന്ന് അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂനിയൻ (എ.സി.എൽ.യു) വക്താവ് ബാരി സ്റ്റൈൻ ഹാർഡ്. ലിസ്റ്റിൽ ഉൾപ്പെടുത്തിയവരിൽ പലരും നിരപരാധികളായതിനാൽ ഇതൊരു മനുഷ്യാവകാശ പ്രശ്നമായി ഉയർത്തിക്കൊണ്ടുവരണമെന്ന് അദ്ദേഹം പറഞ്ഞു. മുമ്പ് മയക്കുമരുന്ന് കള്ളക്കടത്തുകാരും ക്രിമിനലുകളുമൊക്കെയായിരുന്നു സംശയിക്കപ്പെട്ടവരുടെ ലിസ്റ്റിൽ ഇടം പിടിച്ചിരുന്നത്.

9/11 ആക്രമണങ്ങൾക്കു ശേഷം ലിസ്റ്റിന്റെ സ്വഭാവം തന്നെ മാറി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് കണ്ടമാനം 'ഭീകരർ' ലിസ്റ്റിൽ എഴുതിച്ചേർക്കപ്പെട്ടു. അവരിൽ നെൽസൺ മണ്ടേല മുതൽ സെനറ്റർ എഡ്വേർഡ് കെന്നഡി വരെയുണ്ട്. വൻ എതിർപ്പിനെ തുടർന്ന് മണ്ടേലയുടെ പേര് അടുത്ത കാലത്താണ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയത്. തൂക്കിലേറ്റപ്പെട്ട മുൻ ഇറാഖി പ്രസിഡന്റ് സദ്ദാം ഹുസൈന്റെ പേര് ഇതുവരെ നീക്കം ചെയ്തിട്ടില്ല.

"ലിസ്റ്റിൽ ഒരു മില്യൻ ആളുകളെ ഉൾപ്പെടുത്തി എന്നതിൽനിന്നു തന്നെ ഇത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളുടെ വ്യാപ്തി ഊഹിക്കാവുന്നതാണ്. ഒരു യഥാർഥ ഭീകരനെ പിടിക്കാൻ ഇതൊട്ട് ഉപകാരപ്പെടുകയുമില്ല"- സ്റ്റൈൻ ഹാർഡ് പറഞ്ഞു. വിമാനത്താവളങ്ങളിലെ സ്ക്രീനിംഗ് സെന്ററുകളിൽ നിങ്ങളുടെ പേര് 'no-fly', 'selectee'എന്നീ കോളങ്ങളിൽ തെളിഞ്ഞാൽ നിങ്ങൾ വലഞ്ഞതുതന്നെ. ■

## ടുണീഷ്യൻ പോലീസിന്റെ കൈയബദ്ധം



*തുനീഷ്യയിലെ സൂഫി നൃത്തരൂപങ്ങളിലൊന്ന്*

**ഇസ്‌ലാമിസ്റ്റുകളെ** അരിച്ചു പെറുക്കി വേട്ടയാടുന്നതിനിടയിൽ ടുണീഷ്യൻ പോലീസിന് ഒരു കൈയബദ്ധം പറ്റി. സൂഫീസരണികളിൽ പ്രവർത്തിക്കുന്ന ചിലരെക്കൂടി അവർ പൊക്കി. കോടതി അവരെ ഏതാനും മാസത്തെ തടവിനു ശിക്ഷിക്കുകയും ചെയ്തു. യഥാർഥത്തിൽ സൂഫീസരണികളെ വഴിവിട്ട് സഹായിക്കുന്ന നയമാണ് മുൻ പ്രസിഡന്റ് ബുർഗീബയുടെ കാലംതൊട്ടേ ഗവൺമെന്റ് സ്വീകരിച്ച് വരുന്നത്. ഇവയിൽ പലതും ഗവൺമെന്റിന്റെ തന്നെ സൃഷ്ടിയാണുതാനും. അബദ്ധം പറ്റി എന്ന് ബോധ്യമായതിനാലാണ് അവരുടെ തടവ് ശിക്ഷ ഏതാനും മാസങ്ങളാക്കി ഇളവ് ചെയ്തത്. ഇവരോടൊപ്പം പിടിക്കപ്പെട്ട ഇസ്‌ലാമിസ്റ്റുകൾക്ക് 4 മുതൽ 9 വർഷം വരെയാണ് തടവ്.

റാശിദുൽ ഗനൂശി നേതൃത്വം നൽകുന്ന *അന്നഹ്ള* എന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സ്വാധീനം തടയുന്നതിനു വേണ്ടിയാണ് ടുണീഷ്യയിലെ ഏകാധിപത്യ ഭരണകൂടം വഴിപിഴച്ച സൂഫീസരണികളെ പ്രോത്സാഹിപ്പിക്കുന്നത്. നിരവധി ദർഗകളും മഖാമുകളും മസാറുകളും ഉയർന്നുവരാൻ അത് കാരണമായി. മൺമറഞ്ഞ മഹാന്മാരുടെ മൗലിദ് ദിനാഘോഷങ്ങൾക്ക് കേന്ദ്ര-പ്രാദേശിക ഭരണ സമിതികളും വഖഫ് മന്ത്രാലയവും വൻ പ്രചാരണവും പ്രോത്സാഹനവും നൽകുന്നുണ്ട്. സൂഫീഗാനാലാപനമേള എന്ന പേരിൽ മൂന്ന് വൻ വാർഷികാഘോഷങ്ങൾ ഇപ്പോൾ ടുണീഷ്യയിൽ നടന്നുവരുന്നു. റമദാനിൽ പരസ്യമായി ചായ കുടിച്ച് മതമൂല്യങ്ങൾക്കെതിരെ കലാപത്തിനിറങ്ങിയ മുൻ പ്രസിഡന്റ് ബുർഗീബ ജനരോഷം തണുപ്പിക്കാൻ ശ്രമിച്ചത്, ഔലിയാക്കളുടെ മഖ്ബറകൾ കെട്ടിപ്പൊക്കിക്കൊണ്ടായിരുന്നു.

തീജാനിയ്യ, ശാദുലിയ്യ, ഇസ്മാഈലിയ്യ തുടങ്ങിയ മേഖലയിലെ അംഗീകൃത ത്വരീഖത്തുകൾക്കൊന്നും പ്രോത്സാഹനം നൽകുന്നില്ല എന്നതും ശ്രദ്ധേയമാണ്. കടുത്ത അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രചരിപ്പിക്കുന്ന സെക്ടുകളെയാണ് ഗവൺമെന്റ് പാലൂട്ടുന്നത്. സലഫികളും ഇസ്‌ലാമിസ്റ്റുകളും മറ്റു ഇസ്‌ലാമിക ചിന്താധാരകളും ഇതിനെതിരെ രംഗത്തുണ്ട്. ■